(1)	(2)	(3)
10. മലപ്പുറം	1315	326
11. കോഴിക്കോട്	1095	475
12. കണ്ണൂർ	1221	210
13. വയനാട്	302	200
14. കാസർകോട്	575	400
ആകെ	13815	4318

(സി) 70,000 രൂപ നിരക്കിൽ 1784 വീടുകളും, 35,000 രൂപ നിരക്കിൽ 2320 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. 2003-2004-ൽ സ്പിൽ ഓവറിന് 70,000 രൂപ നിരക്കിലുള്ള വീടുകൾക്ക് 4150.65 ലക്ഷം രൂപയും 35,000 രൂപ നിരക്കിലുള്ള വീടുകൾക്ക് 281.45 ലക്ഷം രൂപയും ആവശ്യമുണ്ട്.

(ഡി) ജില്ലകൾക്ക് തുക അനുവദിച്ചിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) ഫണ്ടിന്റെ ലഭ്യതയനുസരിച്ചുള്ള സ്പിൽ ഓവറിനുള്ള തുക കൊടുക്കുന്നതാണ്. ഇപ്പോൾ കണക്കാക്കിയിട്ടില്ല.

സാനിട്ടറി കക്കൂസുകളില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് അവ നൽകുന്നതിന് നടപടി

79 (1767) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സാനിട്ടറി കക്കൂസുകളില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) സാനിട്ടറി കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ;

(സി) ഇതിനായി ലഭ്യമാകുന്ന ധനസഹായത്തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ആനുകൂല്യങ്ങൾ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട് ; അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണക്ക് ശേഖരിച്ചിട്ടില്ല.

(ബി) സാനിട്ടറി കക്കൂസുകൾ നിർമ്മിക്കുന്നതിനായി ഇപ്പോൾ പ്രത്യേകമായി പദ്ധതികൾ നടപ്പിലാക്കിവരുന്നില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പിൽനിന്നും വിവിധ ഭവനനിർമ്മാണ ധനസഹായ പദ്ധതികൾ പ്രകാരം അനുവദിക്കുന്ന വീടുകളോടൊപ്പം സാനിട്ടറി കക്കൂസുകളും നിർമ്മിച്ചുവരുന്നുണ്ട്.

(സി) ഭവനനിർമ്മാണത്തിന് നൽകുന്ന തുകയിൽ ഇത് ഉൾപ്പെടുന്നു എന്നല്ലാതെ ഓരോന്നിനും ഇനം തിരിച്ച് പറയുന്നില്ല.

(ഡി) സാനിട്ടറി കക്കൂസുകളുടെ നിർമ്മാണത്തിന് മാത്രമായി പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല.

കാസർകോട് ജില്ലയിലെ പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ

80 (1768) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2003-2004 വർഷത്തിൽ കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ മാത്രമായി പട്ടികവർഗ്ഗ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി എല്ലാ ജില്ലകളിലും നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായിട്ടുള്ള തുടർപദ്ധതികളും പുതിയ പരിപാടികളും കാസർഗോഡ് ജില്ലയിലും നടപ്പാക്കുന്നതാണ്.

പട്ടികവർഗ്ഗ പദ്ധതി ഫണ്ട് വീണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ നടപടി

81 (1769) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ഉപപദ്ധതി അനുസരിച്ചുള്ള ഫണ്ട് വീണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ എത്ര തുക ഉണ്ടാകും ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക തിരിച്ചെടുത്ത് പട്ടികവർഗ്ഗ വികസനവകുപ്പിനെ ഏൽപ്പിച്ച നടപടി തെറ്റായെന്ന് സർക്കാർ കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly